Back

# March 2000

## BIOLOGY AND HEALTH SCIENCE

*Maximum : 50 marks* *Time : 2 hours*

[ ചോദ്യം 1 മുതൽ 8 വരെ ബ്രായ്ക്കറ്റിൽ കൊടുത്തിട്ടുള്ളവയിൽ നിന്നും ഏറ്റവും ഉചിതമായത് തെരഞ്ഞെടുത്ത് ചോദ്യനമ്പരിനു നേരെ എഴുതുക ]

---

1. ഡോക്ടർ ഒരു രോഗിയോട് സിലിണ്ട്രിക്കൽ ലെൻസ് ധരിക്കുവാൻ നിർദ്ദേശിക്കുന്നു. ആ വ്യക്തിയുടെ കണ്ണിന്റെ വൈകല്യം എന്താണ് ? ½

ഉത്തരം

2. മനുഷ്യ മസ്തിഷ്ക്കത്തിലെ വൈറ്റ് മാറ്റർ നിർമ്മിക്കപ്പെട്ടിരിക്കുന്നത് .......... കൊണ്ടാണ്. ½
[നാഡീകോശങ്ങൾ; നാഡീതന്തുക്കൾ; പേശീതന്തുക്കൾ; ഡെൻഡ്രോണുകൾ]

ഉത്തരം

3. ഒരു സ്ഥലത്തു ചിക്കൻപോക്സ് പടർന്നു പിടിക്കുന്നുവെന്ന് കരുതുക. അതിനു എന്തായിരിക്കും കാരണം ½
[മലിനജലം കുടിക്കുക; സിഗററ്റു വലിക്കുക; കൊതുകു കടിക്കുക; മലിനവായു ശ്വസിക്കുക.]

ഉത്തരം

4. സ്വയാർജ്ജിത സ്വാഭാവങ്ങളുടെ പാരമ്പര്യ പ്രേഷണം എന്ന സിദ്ധാന്തം തെറ്റാണെന്ന് തെളിച്ചത് .......... ആണ്. ½
[ചാൾസ് ഡാർവിൻ; ഹ്യൂഗോ ഡിവ്പീസ്; ഓഗസ്റ്റ് വെയ്സ്മാൻ; ജെ.ബി. ലാമാർക്ക്]

ഉത്തരം

5. ഒരാളുടെ കോക്ലിയയ്ക്ക് കേടു സംഭവിക്കുന്നു. ഇത് അയാളുടെ .......... നെ ബാധിക്കുന്നു. ½
[ഗന്ധമറിയൽ; ശബ്ദം കേൾക്കൽ; തുലനനില പാലിക്കൽ; സ്വാദ് അറിയൽ]

ഉത്തരം

6. ആസ്സാമിലെ വന്യജീവി സങ്കേതമായ കാസിരംഗയിൽ .......... കളെ സംരക്ഷിക്കുന്നു. ½
[ഇന്ത്യൻ കാണ്ടാമൃഗം; കടുവാ; സിംഹം; ആന]

ഉത്തരം

7. മനുഷ്യനിൽ അന്തഃസ്രാവി വ്യവസ്ഥ .......... ന്റെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. ½
[സെറിബ്രത്തിന്റേയും ഹൈപോതലാമസിന്റേയും; സുഷുമ്നയുടേയും ഹൈപോതലാമസിന്റേയും; സ്വതന്ത്രനാഡീ വ്യൂഹത്തിന്റേയും സുഷുമ്നയുടേയും; സ്വതന്ത്രനാഡീവ്യൂഹത്തിന്റേയും ഹൈപോതലാമസിന്റേയും]

ഉത്തരം

8. 10 ഗ്രാം കൊഴുപ്പിന് .......... കിലോ കാലറി താപം ഉല്പാദിപ്പിക്കുവാൻ കഴിയുന്നു. ½
[ 8; 9; 80; 90 ]

ഉത്തരം

**[ചോദ്യം 9 മുതൽ 14 വരെ അപൂർണ്ണ പ്രസ്താവനകൾ ഉചിതമായി പൂരിപ്പിക്കുവാൻ ആവശ്യമായ വാക്കോ, വാക്കുകളോ എഴുതുക]**

9. ദ്വീപുകളിലെ ജീവിഗണങ്ങൾ .......... ന് ഉദാഹരണമാണ്. ½

ഉത്തരം

10. ഒരു ആൺകുട്ടി ഓടുന്നതിനിടയിൽ തൊട്ടവാടി തൊട്ടപ്പോൾ അതിന്റെ ഇലകൾ പെട്ടെന്ന് കൂമ്പി. ഇത് .......... ചലനത്തിനുദാഹരണമാണ്. ½

ഉത്തരം

11. പ്രാഥമിക ഉപഭോക്താക്കളെല്ലാം .......... ട്രോഫിക് തലത്തിൽ ഉൾപ്പെടുന്നു. ½

ഉത്തരം

12. ദൃശ്യനാഡി .......... നാഡിയ്ക്കുദാഹരണമാണ്. ½

ഉത്തരം

13. ഒരാൾക്ക് വളരെ മങ്ങിയ വെളിച്ചത്തിൽ വസ്തുകളെ കാണുവാൻ സാധിക്കുന്നു. അയാളുടെ കണ്ണിൽ .......... എന്ന വർണ്ണവസ്തു ഉള്ളതാണിതിനുകാരണം ½

ഉത്തരം

14. സ്പോട്ടഡ് ഫീവറിന് കാരണമായ രോഗാണുവാണ് .......... ½

ഉത്തരം

15. A വിഭാഗത്തിൽ കൊടുത്തിട്ടുള്ളവയിൽ ഓരോന്നിനും ഏറ്റവും അനുയോജ്യമായത് B വിഭാഗത്തിൽ നിന്നും തെരഞ്ഞെടുത്ത് അതാതിനു നേരെ എഴുതുക. 3

| A | B |
|---|---|
| (a) തൈറോക്സിൻ | (1) രക്തത്തിലെ കാത്സ്യം അയോണുകളുടെ അളവു ക്രമീകരിക്കുന്നു |
| (b) തൈമോസിനുകൾ | (2) കോശശ്വസനം സുസാദ്ധ്യമാക്കുന്നു |
| (c) പാരാതെർമോൺ | (3) അക്രോമെഗലി |
| (d) ആൾഫാ കോശങ്ങൾ | (4) ജീവൽ പ്രവർത്തനങ്ങളുടെ താളാത്മകത്വം നിയന്ത്രിക്കുന്നു. |
| (e) സൊമാറ്റോസ്റ്റാറ്റിൻ | (5) വാർദ്ധ്യബാധ തടയുന്നു |
| (f) മെലടോണിനും സെറോടോണിനും | (6) ഗ്ലൂക്കഗോൺ |

(7) ഉപാപചയ പ്രവർത്തനങ്ങളുടെ തോതു ക്രമാധികം വർദ്ധിക്കുന്നു.

ഉത്തരം

**[ചോദ്യം 16 മുതൽ 29 വരെ ഓരോന്നിനും ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരം എഴുതുക]**

16. പ്രചോദക മരുന്നുകൾ ഹൃദ്രോഗികൾക്ക് അപകടകരമാണ്. എന്തുകൊണ്ട് ? 1

ഉത്തരം

17. വിറ്റാമിൻ അ അടങ്ങിയ ഭക്ഷണ പദാർത്ഥങ്ങൾക്കുള്ള പ്രധാന്യമെന്ത് ? 1

ഉത്തരം

18. 'റെഡ് ഡാറ്റാ ബുക്കി' ൽ സ്ഥാനം പിടിച്ചു കഴിഞ്ഞ ഏതെങ്കിലും രണ്ടു ജന്തുക്കളുടെ പേരെഴുതുക. 1

ഉത്തരം

19. ഹൈപോതലാമസിനാൽ നിയന്ത്രിക്കപ്പെടുന്ന രണ്ടു ശരീര ധർമ്മങ്ങൾ എഴുതുക. 1

ഉത്തരം

20. എതെങ്കിലും രണ്ടു സസ്യ ഹോർമോണുകളുടെ പേരെഴുതുക 1

ഉത്തരം

21. നെൽവയലുകളിൽ രണ്ടു കൃഷികൾക്കിടയിൽ പയർ വർഗ്ഗങ്ങൾ കൃഷി ചെയ്യുന്നതുകൊണ്ടുള്ള ഗുണമെന്ത് ? 1

ഉത്തരം

22. ഹോമിയോപ്പതിയുടെ അടിസ്ഥാനതത്വം എന്ത്? ആരാണ് ഇത് വികസിപ്പിച്ചെടുത്ത് ? 1

ഉത്തരം

23. ജൈവ വിഘടത്തിന് വിധേയമാകാത്ത വസ്തുക്കൾക്ക് രണ്ട് ഉദാഹാരണങ്ങൾ എഴുതുക. 1

ഉത്തരം

24. ജീവപരിണാമത്തിന് ഉപോൽബലകമായ ഏതെങ്കിലും രണ്ടു തെളിവുകൾ എഴുതുക. 1

ഉത്തരം

25. കൈമാറ്റ നിവേശനം എന്നാലെന്ത് ? ഇത് ഏതെല്ലാം സന്ദർഭങ്ങളിലാണ് സാധാരണ നടത്തുന്നത് ? 1

ഉത്തരം

26. മെനിഞ്ചസ്  എന്നാലെന്ത് ? അതിന്റെ രണ്ടു ധർമ്മങ്ങൾ എഴുതുക. 1

ഉത്തരം

27. പാരാതെർമോണിന്റെ അമിതോൽപ്പാദനം അപകടകരമാണ് എങ്ങനെ ? 1

ഉത്തരം

28. ഒരു ആവാസ വ്യവസ്ഥയിലെ കഴുകന്മാരും ഉറുമ്പുകളും ചിതലുകളും അവരുടെ സാധാരണ ജീവിത ശൈലിക്കു മാറ്റം വരുത്തുന്നുവെന്നിരിക്കട്ടെ. ഇത് ഹരിതസസ്യങ്ങളെ എങ്ങനെ ബാധിക്കും ? 1

ഉത്തരം

29. സെറിബ്രൽ ഹേമറേജിനുള്ള കാരണങ്ങൾ എന്തെല്ലാം ? 1

ഉത്തരം

**[**ചോദ്യം **30** മുതൽ **37** വരെ ഓരോന്നിനും നാലു വാക്യത്തിൽ കവിയാതെ ഉത്തരം എഴുതുക**]**

30. റേഡിയോ ആക്ടീവ് വസ്തുക്കൾ പോലുള്ള മലിനീകാരികൾ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്നു. എങ്ങനെ ? 2

ഉത്തരം

31. തളർവാതത്തിന്റെ കാരണങ്ങൾ വിശദമാക്കുക 2

ഉത്തരം

32. ശബ്ദ മലിനീകരണം കൊണ്ടുള്ള ദൂഷ്യഫലങ്ങൾ എന്തെല്ലാം ? 2

ഉത്തരം

33. റിഫ്ളക്സ് പ്രവർത്തനങ്ങൾക്ക് എതെങ്കിലും നാല് ഉദാഹരണങ്ങൾ എഴുതുക. 2

ഉത്തരം

34. ഒരു വനത്തിലെ മാംസഭോജികളെ മുഴുവൻ നാം കൊന്നൊടുക്കുന്നു. ഇത് ആ വനത്തിലെ ആവാസ വ്യവസ്ഥയെ എങ്ങനെ ബാധിക്കും ? 2

ഉത്തരം

35. കാർഷിക പ്രവർത്തനങ്ങൾ പ്രകൃതിയുടെ സന്തുലിതാവസ്ഥയെ എപ്രകാരം ബാധിക്കുന്നു? 2

ഉത്തരം

36. പ്രതിയൗഗികങ്ങൾ എന്നലെന്ത് ? ആദ്യത്തെ പ്രതിയൗഗികം ഏതാണ് ? അതു കണ്ടുപിടിച്ചത് ആര് ? 2

ഉത്തരം

37. ഡാർവിന്റെ സിദ്ധാന്താത്തിന്റെ പ്രസക്ത ഭാഗങ്ങൾ എതെല്ലാം ? 2

ഉത്തരം

38. ജനിതക എൻജിനീയറിംഗ് എന്നാലെന്ത് ? മനുഷ്യ നന്മയ്ക്കായ് അതിന്റെ സംഭാവനകൾ ഏതെല്ലാം? 3

ഉത്തരം

39. ജീവികളിൽ മനുഷ്യൻ അതുല്യനാണ് എന്തുകൊണ്ട്? 3

ഉത്തരം

40. മനുഷ്യ നേത്രത്തിന്റെ ഘടന കാണിക്കുന്ന ചിത്രം വരച്ച് താഴെ പറയുന്ന ഭാഗങ്ങൾ അടയാളപ്പെടുത്തുക. 4

(a) റെറ്റിന (b) ഐറിസ്
(c) അന്ധബിന്ദു (d) അക്വസ് അറ
(e) കോർണിയ (f) നേത്രനാഡി

ഉത്തരം

-------------------

up